# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി.8/1202/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 13/09/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)
2.അസി.ഡവലപ്മെന്റ് കമ്മീഷണർ, പാലക്കാട്
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.പി.കെ.ഡി.8/1202/23 തീയ്യതി: 13/09/2023

## പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-04-2023 മുതൽ 25-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അരവിന്ദാക്ഷൻ.പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 26-06-2023 | 05-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-06-2023 | 05-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.രാജൻ.കെ, ഓഡിറ്റ് ഓഫീസർ

ശ്രീ. രാമകൃഷ്ണൻ.കെ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി. ആതിര .എച്ച്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. അശ്വിനി.ടി.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ആർ.ചിന്നക്കുട്ടൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ലിസ്സി.സി.എ. | സെക്രട്ടറി | 01-04-2022 | 31-12-2022 |
| ശ്രീ,മണികണ്ഠൻ.എസ്. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-01-2023 | 15-01-2023 |
| ശ്രീ.ഷാജി.എസ്.എൽ. | സെക്രട്ടറി | 16-01-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സുമേഷ്.വി.ആർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 12-09-2022 |
| ശ്രീ.കൃഷ്ണൻകുട്ടി.കെ.ടി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 13-09-2022 | 31-03-2023 |
| ശ്രീ.ഷെരീഫ്.വൈ | അസി.എഞ്ചിനീയർ | 01-04-2022 | 07-12-2022 |
| ശ്രീമതി.രമാദേവി | അസി.എഞ്ചിനീയർ | 08-12-2022 | 31-03-2023 |
| ശ്രീമതി.ബിന്ദു.കെ.വി | സൂപ്രണ്ട് വൃദ്ധസദനം | 01-04-2022 | 31-03-2023 |
| ശ്രീ.പീതാംബരൻ.വി | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.മണികണ്ഠൻ.പി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. സിന്ധു.എം.എ | സൂപ്രണ്ട്, സി.എച്ച്.സി കൊടുവായൂർ | 01-04-2022 | 31-03-2023 |
| ഡോ.അജിതകുമാരി.എസ് | സൂപ്രണ്ട്, സി.എച്ച്.സി നന്ദിയോട് | 01-04-2022 | 15-02-2023 |
| ഡോ. നൈന.സി.എം | സൂപ്രണ്ട്, സി.എച്ച്.സി നന്ദിയോട് | 16-02-2023 | 31-03-2023 |
| ശ്രീമതി.ഇന്ദിര.ഡി | ശിശു വികസന പദ്ധതി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.അജീഷ് ഭാസ്കരൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.മിഥുൻ.ടി.വി | ഡയറി എക്സ്റ്റൻഷൻ | 01-04-2022 | 05-09-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ.ജയപ്രകാശ്.സി.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 06-09-2022 | 20-10-2022 |
| ശ്രീമതി.അജിന.എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-10-2022 | 30-11-2022 |
| ശ്രീ.ജയപ്രകാശ്.സി.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-12-2022 | 09-02-2023 |
| ശ്രീമതി.ഷജ് ല .കെ.ടി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 10-02-2023 | 31-03-2023 |
| ശ്രീമതി.ജാനറ്റ് ഡാനിയേൽ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 11-10-2022 |
| ശ്രീ.അരുൺ.ടി | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 12-10-2022 | 17-10-2022 |
| ശ്രീമതി.സ്മിത സാമുവൽ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 18-10-2022 | 31-03-2023 |

,

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷികകണക്കുകളിലെ അപാകതകൾ | 1-1-1 |
| 3 | Tied & Untied തുകകൾ പ്രത്യേകം ഹെഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-3 |
| 5 | ACR സൂക്ഷിക്കുന്നില്ല. | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | ക്യാഷ് പരിശോധന | 1-6 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 14 | വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം ചെയ്യുന്നതിനുള്ള സബ്സിഡി നൽകൽ -സംരംഭ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-10 |
| 15 | വൃദ്ധവികലാംഗ സദനത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല.സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടിൽ 35180915 രൂപ നീക്കിയിരുപ്പായി അവശേഷിക്കുന്നു. | 1-11 |
| 16 | ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം വാങ്ങൽ -പ്രൊജക്ടിന്റെ മോണിട്ടറിങ്ങ് നടത്തേണ്ടതാണ്. | 1-12 |
| 17 | അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ ദൈനംദിന ചെലവ് എന്ന സ്പിൽഓവർ പ്രൊജക്ടിൽ തൻവർഷചെലവുകൾ നടത്തിയിരിക്കുന്നു. | 1-13 |
| 18 | പൊരുത്തപ്പെടൽ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-14 |
| 19 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- അപാകതകൾ | 1-15 |
| 20 | സർക്കാർ അനുമതി ഇല്ലാതെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നിവരെ നിയമിച്ചു | 1-16 |
| 21 | പാലിയേറ്റീവ് കെയർ- ട്രെയിനിങ്ങ് നടത്തിപ്പിലെ അപാകതകൾ | 1-17 |
| 22 | ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് നിയമനം- സർക്കാർ ഉത്തരവിന് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചു | 1-18 |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് തുക നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-19 |

| | | |
|---|---|---|
| 24 | PMAY ഭവന നിർമ്മാണം- സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതാണ്. | 1-20 |
| 25 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ പദ്ധതി നിർവ്വഹണം- റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല | 1-21 |
| 26 | അസിസ്റ്റന്റ് എഞ്ചിനീയർ പദ്ധതി നിർവ്വഹണം- റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല | 1-22 |
| 27 | അസിസ്റ്റന്റ് എഞ്ചിനീയർ പദ്ധതി നിർവ്വഹണം - പ്രവർത്തി പൂർത്തീകരണം - സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-23 |
| 28 | അസിസ്റ്റന്റ് എഞ്ചിനിയർ പദ്ധതി നിർവ്വഹണം- എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം -ഫൈൻഈടാക്കിയില്ല | 1-24 |
| 29 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ പദ്ധതി നിർവ്വഹണം- എഗ്രിമെന്റ് ചമയ്ക്കുന്നതിൽ കാലതാമസം -ഫൈൻ ഈടാക്കിയില്ല | 1-25 |
| 30 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ പദ്ധതി നിർവ്വഹണം - പ്രവർത്തി പൂർത്തീകരണം - സമയം ദീർഘിപ്പിച്ചിതിന് ഫൈൻ ഈടാക്കിയിട്ടില്ല. | 1-26 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ പദ്ധതി നിർവ്വഹണം- റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല | 3-1 |
| 2 | റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽനിന്നും കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല | 3-2 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| | അനുബന്ധം | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക കണക്ക്- സംക്ഷിപ്തം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കലും നിർദ്ദേശങ്ങളും അനുസരിച്ച് 4(1)/03-06-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 06-06-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോ ടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തിയതി:13-09-2023

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷികകണക്കുകളിലെ അപാകതകൾ

2022-23 വർഷത്തെ വാർഷികകണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

മെയിന്റനൻസ് (നോൺ-റോഡ്) ACR പ്രകാരമുള്ള ചെലവ് 6210592/- രൂപയാണ്. RP-7 (Revenue Grants, Funds, Contributions & Compensations) Code-160100402 പ്രകാരമുള്ള തുക 5561168/- രൂപയാണ്. തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-2 Tied & Untied തുകകൾ പ്രത്യേകം ഹെഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്കിൽ Tied & Untied തുകകൾ പ്രത്യേകം ഹെഡുകളിൽ ഉൾപ്പെടുത്താതെ RP-31 (Grants, Funds & Contributions For Specific Purposes) 320200104- Development Fund- Central Finanace Commission Grant എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-1-3 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല

1-1-4 ACR സൂക്ഷിക്കുന്നില്ല.

കൊല്ലങ്കോട് ബ്ലോക്ക്പഞ്ചായത്തിന്റെ ലഭ്യമായ വിവിധ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-2 ബജറ്റ്

05-03-2022 ന് അവതരിപ്പിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 24.03.2022 തീയതി നടന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 9/1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 0 * |
| തൻവർഷം വരവ് | 754714000 |
| ആകെ വരവ് | 754714000 |
| ചെലവ് | 754514000 |
| നീക്കിയിരിപ്പ് | 200000 |

* അംഗീകരിച്ച ബജറ്റിൽ മുന്നിരിപ്പ് പ്രത്യേകം കാണിച്ചിട്ടില്ല. പ്രാരംഭ ബാക്കി ഉൾപ്പെടെയുള്ള തുകയാണ് തൻവർഷത്തെ വരവ്.

09/03/2023 തീയതി നടന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം.1 പ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വരവ് 33,61,57,467/- രൂപയും ചെലവ് 33,53,44,467/- രൂപയും നീക്കിയിരിപ്പ് 8,13,000 രൂപയുമാണ്.

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 66811458 |
| വരവ് | 118678452 |
| ആകെ | 185489910 |
| ചെലവ് | 119307408 |
| നീക്കിയിരിപ്പ് | 66182502 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | തുക |
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 32271274 | 32271274 | 26875460 | 5395814 |
| വികസന ഫണ്ട് എസ്.സി.പി (ACR പ്രകാരം) | 0 | 30334000 | 30334000 | 27665791 | 2668209 |
| വികസന ഫണ്ട് ടി .എസ്.പി (ACR പ്രകാരം) | 0 | 8694726 | 8694726 | 5357786 | 3336940 |
| മെയിന്റനൻസ് നോൺ-റോഡ് (ACR പ്രകാരം) * | 0 | 9200000 | 9200000 | 6210592 * | 2989408 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New | 1440236 | 5604803 (5284000+ പലിശ-320803) | 7045039 | 3681849 | 3363190 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New** | 3251348 | 7926000 | 11177348 | 2963000 | 8214348 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-Spillover | 574652 | 0 | 574652 | 574652 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-പെർഫോമൻസ് ഗ്രാന്റ് | 0 | 3403163 | 3403163 | 3403163 | 0 |

* മെയിന്റനൻസ് (നോൺ-റോഡ്) ACR പ്രകാരമുള്ള ചെലവ് 6210592/- രൂപയാണ്. RP-7 ( Revenue Grants,

Funds, Contributions & Compensations) Code-160100402 പ്രകാരമുള്ള തുക 5561168/- രൂപയാണ്. തുകകൾ പൊരുത്തപ്പെടുന്നില്ല.

** വാർഷിക കണക്കിൽ Tied & Untied തുകകൾ പ്രത്യേകം ഹെഡുകളിൽ ഉൾപ്പെടുത്താതെ Tied & Untied വരവ്- RP-31 (Grants, Funds & Contributions For Specific Purposes) 320200104- Development Fund- Central Finanace Commission Grant എന്ന ഹെഡിലും ചെലവ് 160100104 (Development Fund - Central Finance Commission Grant) എന്ന ഹെഡിലും നീക്കിയിരുപ്പ് - 320200104 (Development Fund - Central Finance Commission Grant) എന്ന ഹെഡിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ( ₹.5284000) & അൺടൈഡ് (₹.7926000) തുകകളുടെയും പലിശയിനത്തിൽ ലഭിച്ച 320803/- രൂപയും ചേർന്ന 13530803/- രൂപയാണ് വാർഷിക കണക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. ടൈഡ് ( ₹.2963000), ടൈഡ് -സ്പിൽഓവർ(574652) & അൺടൈഡ് (₹.3681849)തുകകൾ ചേർന്ന 7219501/- രൂപയാണ് വാർഷിക കണക്കിൽ ചെലവായി രേഖപ്പെടുത്തിയിട്ടുള്ളത്. ടൈഡ് ( ₹.8214348) & അൺടൈഡ് (3363190 )തുകകൾ ചേർന്ന 11577538/- രൂപയാണ് വാർഷിക കണക്കിലെ B4 പ്രകാരം നീക്കിയിരുപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| TSC * | 54114 | 84029 | 138143 | 82500 | 55643 |
| BRGF | 0 | 489823 | 489823 | 489823 | 0 |
| IAY-SCP | 0 | 1200000 | 1200000 | 1200000 | 0 |
| IAY-General | 9480863 | 263425 (പലിശ)** | 9744288 | 0 | 9744288 |

* ബാങ്ക് ബുക്ക് പ്രകാരം ടി എസ് സി ഫണ്ടിനത്തിൽ യഥാർത്ഥത്തിൽ 74723/- രൂപ വരവുണ്ടെങ്കിലും പ്രസ്തുത വരവ് Other Items എന്ന ഹെഡിലാണ് വരവിലെടുത്തിട്ടുള്ളത്.

** IAY-General – പലിശയിനത്തിൽ ലഭിച്ച 263425 രൂപ 320100110 (Centrally Sponsored Scheme- Indira Awas Yoana (IAY-General) എന്ന ഹെഡിനു പകരം 320300199 (Grants, Funds & Contributions For Specific Purposes- Other Govt.Agencies ) എന്ന ഹെഡിലാണ് വരവ് വച്ചിട്ടുള്ളത്.

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Old Age Home | 34229843 | 951072 | 35180915 | 0 | 35180915 |

Old Age Home ന് വേണ്ടി ലഭ്യമാവുന്ന തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 114 | 173729732 | 79 | 76368799 | 0 | 35 | 69.3 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 69.3% എണ്ണത്തിനു മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 43.96 % തുകയാണ് തൻവർഷം

ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സി.ഡി.പി.ഒ | 3 | 3 | 1350000 | 1317419 | 97.6 |
| സെക്രട്ടറി | 23 | 17 | 38108275 | 32443916 | 85.1 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 5 | 3 | 3620000 | 2140000 | 59.1 |
| മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 9 | 9 | 5700178 | 4597979 | 80.7 |
| പട്ടികജാതി വികസന ഓഫീസർ | 5 | 5 | 4242175 | 3276436 | 77.2 |
| കൃഷി അസി.ഡയറക്ടർ | 4 | 3 | 70498735 | 10591235 | 15 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 2 | 3040000 | 1534000 | 50.5 |
| വ്യവസായ വികസന ഓഫീസർ | 1 | 1 | 227150 | 170362 | 75 |
| അസി. എക്സി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 46 | 24 | 40398331 | 15218735 | 37.7 |
| അസി.എഞ്ചിനീയർ, തസ്വഭവ | 13 | 11 | 6064888 | 4678717 | 77.1 |
| സൂപ്രണ്ട്, വൃദ്ധ സദനം | 2 | 1 | 480000 | 400000 | 83.3 |
| ആകെ | 114 | 79 | 173729732 | 76368799 | 43.96 |

കൃഷി അസി.ഡയറക്ടർ തൻവർഷത്തെ ആകെ അടങ്കലിന്റെ 15% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.06.2023ന് 2.20 PM മണി സമയത്ത് ഹെഡ് അക്കൗണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

ഒന്നുമില്ല

## 1-8 ആഭ്യന്തര നിയന്ത്രണം

കൊല്ലങ്കോട് ബ്ലോക്ക്പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിൽ ലഭ്യമായ തുക വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതികൾ

ഏറ്റെടുത്തു നടത്തുമ്പോൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ അനുമതി പത്രം ലഭ്യമാക്കുകയോ, പൂർത്തിയാക്കിയ പദ്ധതികൾ രേഖാമൂലം ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറുകയോ ചെയ്തിട്ടില്ല.ആയത് സംബന്ധിച്ച് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ആസ്തികൾക്ക് തുക ചെലവഴിക്കുമ്പോൾ കൃത്യമായി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്നും ബാക്കി തുക തിരികെ ലഭ്യമാകുന്നുണ്ടെന്നും ഉറപ്പാക്കുന്നില്ല. Old Age Home ന് വേണ്ടി ലഭ്യമായിട്ടുള്ള തുകകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു. ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരാമത്ത് ബില്ലുകളിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

12.05.2022 മുതൽ 16.05.2022 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 1-4-2017 മുതൽ 30-04-2022 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 10 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. 01.12.22 മുതൽ 13.12.22 വരെയുള്ള തീയതിയിൽ നടന്ന പെർഫോമൻസ് ഓഡിറ്റിൽ 01.04.21 മുതൽ 31.03.22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. 80 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

## 1-10 വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം ചെയ്യുന്നതിനുള്ള സബ്സിഡി നൽകൽ -സംരംഭ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല

പ്രൊജക്ട് നമ്പർ-69/23, വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം ചെയ്യുന്നതിനുള്ള സബ്സിഡി നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ-2,27,150/-(വികസന ഫണ്ട്, ജനറൽ-170362, മറ്റുള്ളവ-56788)

ചെലവ്-1,70,362/-(ബിൽ നമ്പർ-1/22-23)

2022-23 സാമ്പത്തിക വർഷത്തിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വനിത ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ സംരംഭം ചെയ്യുന്നതിനുള്ള സബ്സിഡി നൽകൽ എന്ന പ്രൊജക്ട് നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീകളുടെമാത്രം ഗ്രൂപ്പ് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 75% (പരമാവധി 375000രൂപ) സബ്സിഡി അനുവദിക്കാവുന്നതാണ്. മുതലമട ഭദ്ര കുടുംബശ്രീ ഗ്രൂപ്പിന് ഭദ്ര ഗാർമെന്റ്സ് എന്ന പേരിൽ ടൈലറിങ്ങ് യൂണിറ്റ് ആരംഭിച്ചതിന് സബ്സിഡി നൽകുന്നതിനായി കൊല്ലങ്കോട് ശാഖയിലുള്ള ഭദ്ര ഗാർമെന്റ്സിന്റെ കനറാബാങ്ക് അക്കൗണ്ടിലേക്ക് (നം-110107192119) 170362 രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/30.06.2023) മറുപടി ലഭ്യമാക്കിയതിൽ സാമ്പത്തികവർഷ കണക്കെടുപ്പും ബാങ്ക് ഓഡിറ്റും നടക്കുന്നതിനാലും ബാങ്ക് മാനേജർ മാറിയതിനാലും പുതിയ മാനേജർ ചാർജ്ജ് എടുക്കാൻ വൈകിയതിനാലും ഇതുവരെയും ലോൺ ഡിസ്ബേഴ്സ് ചെയ്തിട്ടില്ലെന്നും ബാങ്കിലെ മാനേജരുമായി ബന്ധപ്പെട്ടപ്പോൾ കാര്യങ്ങൾ പഠിച്ചുവരുന്നതിനാൽ ഫണ്ട് റിലീസ് ചെയ്തിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ സംരഭയൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. ബാങ്കിൽ നിന്ന് ഫണ്ട് റിലീസ് ചെയ്യുന്ന മുറയ്ക്ക് യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ബാങ്കിൽ നിന്ന് ഫണ്ട് റിലീസ് ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-11 വൃദ്ധവികലാംഗ സദനത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല.സൗത്ത് ഇന്ത്യൻ ബാങ്ക്

അക്കൗണ്ടിൽ 35180915 രൂപ നീക്കിയിരുപ്പായി അവശേഷിക്കുന്നു.

കൊല്ലങ്കോട് ശാഖയിലുള്ള സൗത്ത് ഇന്ത്യൻ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം-0036053000041224, ഓൾഡ് ഏയ്ജ് ഹോം) 31.03.2023ന് 35180915 രൂപ നീക്കിയിരുപ്പ് ഉണ്ട്. വൃദ്ധ വികലാംഗ സദനത്തിന്റെ നിർമ്മാണത്തിനായി 2014-15 സാമ്പത്തിക വർഷത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിന്നും ലഭിച്ച തുക ഉപയോഗിച്ച് നാളിതുവരെയായി കെട്ടിടം നിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (06/30.06.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ വൃദ്ധവികലാംഗ സദനം നിർമ്മിക്കാനുദ്ദേശിച്ച സ്ഥലം നിലമായതിനാൽ പരിവർത്തനാനുമതി ലഭ്യമാകാതിരുന്നതുകൊണ്ടാണ് കെട്ടിടനിർമ്മാണം ആരംഭിക്കാതിരുന്നത്. എന്നാൽ കൃഷി വകുപ്പ് (എൻ.സി.എ) വകുപ്പ് സർക്കാർ ഉത്തരവ് (കൈ) നം 39/2023/AGRI തിരുവനന്തപുരം തീയതി 4.5.2023 പ്രകാരം നിലം പരിവർത്തനപ്പെടുത്താനുള്ള അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി 19/6/2023 തീയതിയിലെ ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-12 ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം വാങ്ങൽ -പ്രൊജക്ടിന്റെ മോണിട്ടറിങ്ങ് നടത്തേണ്ടതാണ്.

പ്രൊജക്ട് നമ്പർ-149/23

പ്രൊജക്ടിന്റെ പേര്- ഭിന്നശേഷിക്കാർക്ക് മുച്ചക്രവാഹനം വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥ- ശിശുവികസന പദ്ധതി ഓഫീസർ

അടങ്കൽ-3,00,000/-(വികസന ഫണ്ട്, ജനറൽ)

ചെലവ്-3,00,000/-(ബിൽ നമ്പർ-3/22-23)

സബ്സിഡി, ധനസഹായം, അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (28.05.2022 ലെ സ.ഉ(കൈ)നം-115/2022/LSGD) ഖണ്ഡിക 7.1.2 പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ സൗജന്യമായി നൽകാവുന്നതാണ്. 40%ൽ കൂടുതൽ വൈകല്യമുണ്ടെങ്കിലും സ്കൂട്ടർ ഓടിക്കാൻ കഴിവുള്ള ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. പ്രൊജക്ട് നടപ്പിലാക്കുമ്പോൾ ഇലക്ട്രിക് സ്കൂട്ടർ വാങ്ങുന്നതിന് മുൻഗണന നൽകേണ്ടതാണ്. മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് പിന്നീട് കരസ്ഥമാക്കിയാലും മതി. 8 വർഷത്തിനുള്ളിൽ സ്കൂട്ടർ വാങ്ങാൻ ധനസഹായം ലഭിച്ചവർക്ക് വീണ്ടും ധനസഹായം നൽകാൻ പാടുള്ളതല്ല. സർക്കുലർ നം. ഡി.എ.1/387/2022 തസ്വഭവ തിയതി: 8-11-2022 പ്രകാരം ഖണ്ഡിക 7.1.4.2 ന് ഭേദഗതി വരുത്തിയിട്ടുണ്ട്. അതിൻ പ്രകാരം ഭിന്നശേഷിക്കാർക്ക് നൽകുന്ന സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ പോലുള്ള ചെലവ് കൂടിയ ഉപകരണങ്ങൾ ത്രിതല പഞ്ചായത്തുകൾ ജില്ലാ പഞ്ചായത്ത് മുഖേന വാങ്ങേണ്ടതാണ്. ഒരു ജില്ലയിലേക്കുള്ളത് ഒരുമിച്ച് വാങ്ങിയാൽ വിലകുറച്ച് ലഭ്യമാകും എന്നതിലാണ് ഇത്. എന്നാൽ ഇവ ഗ്രാമപഞ്ചായത്തുകൾ മുഖേന വേണം വിതരണം ചെയ്യേണ്ടത്.

മേൽ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് അബ്ദുൾ റഹ്മാൻ.എസ്-കൊടുവായൂർ, രാമൻ.എസ്-കൊല്ലങ്കോട്, അംബിക.വി-പെരുവെമ്പ് എന്നീ വ്യക്തികൾക്കാണ് കെൽട്രോണിൽ നിന്ന് സ്കൂട്ടർ (Hero Destini 125CC) വാങ്ങി നൽകിയിട്ടുള്ളത് (ഇൻവോയ്സ് നം-P202V,P203V തീയതി-18.03.2023 പ്രകാരം). വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് (RC) ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(5/27.06.2023) മറുപടി ലഭ്യമാക്കുകയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കളിൽ ആരും തന്നെ മോട്ടോർ വാഹന വകുപ്പിന്റെ ലൈസൻസ് കരസ്ഥമാക്കിയിട്ടില്ല. പ്രൊജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കേണ്ടത് മോണിറ്ററിംഗ്

കമ്മിറ്റിയാണ്. ഇതിനായി പ്രൊജക്റ്റിന്റെ പ്രാരംഭഘട്ടത്തിലും പുരോഗമനഘട്ടത്തിലും പൂർത്തീകരണശേഷവും അഭിപ്രായങ്ങൾ രേഖപ്പെടുത്തി മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. മേൽ പ്രൊജക്റ്റിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിന് സ്കൂട്ടറിന്റെ ഗുണനിലവാരം പഞ്ചായത്ത് കമ്മിറ്റിയും ക്ഷേമകാര്യ കമ്മിറ്റിയും ഉറപ്പുവരുത്തി ഉദ്ഘാടനം നടത്തിയാണ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളതെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് പ്രയോജനപ്രദമായി വാഹനം ഉപയോഗിക്കാൻ കഴിയുമ്പോഴാണ് പദ്ധതിലക്ഷ്യം കൈവരിക്കുന്നത് എന്നതിനാൽ മോണിട്ടറിങ്ങ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

1-13 അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ ദൈനംദിന ചെലവ് എന്ന സ്പിൽഓവർ പ്രൊജക്റ്റിൽ തൻവർഷചെലവുകൾ നടത്തിയിരിക്കുന്നു.

2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലെ ദൈനംദിന ചെലവുകൾ നടത്തുന്നതിനായി രണ്ട് പ്രൊജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രൊജക്റ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ | 19/22-23 (പുതിയത്) | 31/22-23 (സ്പിൽ ഓവർ) |
|---|---|---|
| അടങ്കൽ | 55795 | 35440 |
| ചെലവ് | 55795 | 35440 |
| ഫണ്ട് | MGNR | MGNR |

31/22-23 നമ്പർ സ്പിൽ ഓവർ പ്രൊജക്റ്റിൽ ഭൂരിഭാഗവും തൻവർഷത്തെ ചെലവുകളാണ് നടത്തിയിട്ടുള്ളത്. ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ട്രഷറി ബിൽ നമ്പർ & തുക | ഇൻവോയ്സ് നമ്പർ&തീയതി | ഇൻവോയ്സ് തുക |
|---|---|---|---|
| 1 | 1/22-23 , ₹ 18835 | 937 Dtd 06.04.2022 | 400 |
| | | 37 Dtd 06.04.2022 | 280 |
| | | 322 Dtd 07.04.2022 | 2000 |
| | | 14275dtd 13.04.2022 | 1000 |
| | | 122 Dtd 20.04.2022 | 390 |
| | | 47 Dtd 23.04.2022 | 560 |
| | | Bill Dtd 30.04.2022 | 450 |
| | | 431 Dtd 05.05.2022 | 210 |
| | | 217 Dtd 12.05.2022 | 140 |
| | | 10633dtd 13.05.2022 | 2000 |
| | | Bill Dtd 06.05.2022 | 3500 |
| | | 660 Dtd 06.05.2022 | 875 |
| | | 117 Dtd 17.05.2022 | 1440 |
| | | 118 Dtd 18.05.2022 | 1400 |
| 2 | 2/22-23 , ₹ 5290 | 258 Dtd 19.05.2022 | 70 |
| | | 58 Dtd 23.05.2022 | 350 |
| | | 292 Dtd 27.05.2022 | 70 |

| | | | |
|---|---|---|---|
| | | 72 Dtd 27.05.2022 | 750 |
| | | 60261 Dtd 28.05.22 | 500 |
| | | 4409 Dtd 02.06.22 | 500 |
| | | 1200 Dtd 03.06.2022 | 1500 |
| | | 670 Dtd 04.06.2022 | 1050 |
| | | 2089 Dtd 07.06.22 | 500 |
| 3 | 3/22-23 , ₹ 9573 | 1049 Dtd 26.05.2022 | 500 |
| | | 1291 Dtd 08.06.2022 | 1500 |
| | | 618 Dtd 10.06.2022 | 150 |
| | | 396 Dtd 10.06.2022 | 210 |
| | | 445 Dtd 23.06.2022 | 140 |
| | | 255 Dtd 26.05.2022 | 1075 |
| | | 485 Dtd 30.06.2022 | 70 |
| | | 25422 Dtd 04.07.22 | 250 |
| | | 5131 Dtd 08.07.2022 | 800 |
| | | 529 Dtd 11.07.2022 | 70 |
| | | 2492 Dtd 13.07.2022 | 500 |
| | | 680 Dtd 16.07.2022 | 680 |
| | | 565 Dtd 20.07.2022 | 140 |
| | | 1555 Dtd 23.07.2022 | 1628 |
| | | 809 Dtd 25.07.2022 | 1400 |
| | | 813 Dtd 26.07.2022 | 320 |
| | | 614 Dtd 29.07.2022 | 140 |
| 4 | 5/22-23 , ₹ 1742 | 5779 Dtd 16.08.2022 | 500 |
| | | 825 Dtd 22.08.2022 | 242 |
| | | 6108 Dtd 24.08.2022 | 1000 |
| ആകെ | | | 31250 |

സ്പിൽ ഓവർ പ്രൊജക്ടിൽ ഓഫീസിലെ ദൈനംദിന ചെലവുകൾക്കായി ആകെ ചെലവഴിച്ച 35440രൂപയിൽ 31250രൂപയും 2022-23 സാമ്പത്തിക വർഷത്തെ ചെലവുകളാണ്. തൻവർഷത്തിൽ ഓഫീസിലെ ദൈനംദിന ചെലവുകൾക്ക് 19/22-23 നമ്പർ പ്രൊജക്ട് ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്ന മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ)നം-84/2022/LSGD) ഖണ്ഡിക 11 പ്രകാരം മാർച്ച് 31ന് നിർവ്വഹണം പൂർത്തിയാകാത്ത പ്രൊജക്ടുകളുടെ നിലവിലുള്ള അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രൊജക്ടുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രൊജക്ടുകളിൽ നടപ്പാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കേണ്ടതും ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്ടുകളുടെ നിർവ്വഹണം പാഴ്ച്ചെലവ് വരാത്തരീതിയിൽ അവസാനിപ്പിക്കേണ്ടതുമാണ്. നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് കണ്ടെത്തുന്ന പ്രൊജക്ടുകളിൽ ഭേദഗതിയില്ലാത്തവ തദ്ദേശഭരണതീരുമാനപ്രകാരം ഏപ്രിൽ 1 മുതൽ തുടർന്ന് നടപ്പിലാക്കാവുന്നതാണ്.

ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്ടുകളുടെ നിർവ്വഹണം പാഴ്ചെലവ് വരാത്തരീതിയിൽ അവസാനിപ്പിക്കേണ്ടതാണ് എന്ന പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാതെ തൻവർഷത്തിലെ ഓഫീസ് ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നതിന് പുതിയ പ്രൊജക്ട് നിലവിലുള്ളപ്പോൾ സ്പിൽ ഓവർ പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/04.07.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. തൻവർഷത്തിലെ ഓഫീസ് ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നതിന് പുതിയ പ്രൊജക്ട് നിലവിലുള്ളപ്പോൾ സ്പിൽ ഓവർ പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-14 പൊരുത്തപ്പെടൽ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

കൊല്ലങ്കോട് ശാഖയിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിന്റെ ഐ.എ.വൈ-പ്ലാൻ അക്കൗണ്ടിന്റെ (അക്കൗണ്ട് നമ്പർ-429600067423) 2023 ഏപ്രിൽ മാസത്തെ പണം പിൻവലിക്കൽ പരിശോധിച്ചതിൽ 29.04.2023ന് ബാങ്കിൽ നിന്ന് 415000രൂപ (55000, 55000, 50000, 100000, 55000, 100000 എന്നിങ്ങനെ) പിൻവലിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ബാങ്ക് ബുക്കിൽ ഈ തുക രേഖപ്പെടുത്തി കാണുന്നില്ല. 2022 ഏപ്രിൽ മാസത്തെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ 415000രൂപ "Directly Debited By Bank" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ബാങ്ക് ബുക്കിൽ രേഖപ്പെടുത്താത്ത ഈ തുക ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/27.06.2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 29.04.2023 ന് 429600067423 നമ്പർ അക്കൗണ്ടിൽ നിന്ന് 4,15,000/- രൂപ പിൻവലിച്ചെങ്കിലും സാംഖ്യ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. 30.04.2023 ന് അവധിയായതിനാൽ സാംഖ്യയിൽ രേഖപ്പെടുത്തിയത് തൊട്ടടുത്ത മാസമാണ്. ആയതിനാൽ മേൽ തുക പിൻവലിച്ചത് മെയ് മാസത്തെ ബാങ്ക് ബുക്കിലാണ് ഉൾപ്പെട്ടിട്ടുള്ളത്. അതത് മാസം സാംഖ്യയിൽ രേഖപ്പെടുത്താത്ത പേയ്മെന്റുകളുടെ എൻട്രികൾ "Directly Debited By Bank" എന്ന ഓപ്ഷൻ വഴിയാണ് റീകൺസീലിയേഷൻ ചെയ്യാൻ കഴിയുക എന്ന മറുപടി ലഭ്യമാക്കിയത് അംഗീകരിക്കാവുന്നതല്ല. സാംഖ്യ സോഫ്റ്റ് വെയറിൽ പേയ്മെന്റ് രേഖപ്പെടുത്തിയതിനുശേഷമാണ് ബന്ധപ്പെട്ട ചെലവ് തുകയ്ക്ക് ചെക്ക് നൽകേണ്ടതും പണം പിൻവലിക്കേണ്ടതും. സാംഖ്യ സോഫ്റ്റ് വെയറിൽ പേയ്മെന്റ് രേഖപ്പെടുത്താതെ ചെക്ക് നൽകി തുക പിൻവലിക്കുന്നതും സാംഖ്യയിൽ രേഖപ്പെടുത്താതെ പേയ്മെന്റുകളുടെ എൻട്രികൾ "Directly Debited By Bank" എന്ന ഓപ്ഷൻ വഴി റീകൺസീലിയേഷൻ ചെയ്യുന്നതും ശരിയായ നടപടിക്രമമല്ല. സ്ഥാപനമറിയാതെ ബാങ്ക് സ്വമേധയാ പിൻവലിക്കുന്ന തുകകളാണ് "Directly Debited By Bank" എന്ന് രേഖപ്പെടുത്തേണ്ടത്. പിന്നീട് ഈ തുക കണ്ടുപിടിച്ച് ബാങ്ക് ബുക്കിൽ ഉൾപ്പെടുത്തേണ്ടതാണ്. സാംഖ്യ സോഫ്റ്റ് വെയറിൽ പേയ്മെന്റ് രേഖപ്പെടുത്തി മാത്രം ചെക്ക് നൽകി തുക പിൻവലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം- അപാകതകൾ

പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി തൻവർഷം രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോജക്ട് നം : 36/23 ( പഠനമുറി ധനസഹായം-SO)

അടങ്കൽ : 1500000/- (വികസനഫണ്ട്-SCP)

ചെലവ് : 1410000/-

ബിൽ നം :

1) 3/08.06.2022 ₹.210000

2) 5/21.06.22, ₹.45000/-

3) 7/12.07.22, ₹.30000/-

4) 9/27.08.22, ₹.210000/-
5) 10/03.09.22, ₹.270000/-
6) 12/30.09.22, ₹.105000/-
7) 13/30.09.22, ₹.75000/-
8) 15/19.10.22, ₹.30000/-
9) 16/19.10.22, ₹.60000/-
10) 17/02.11.22, ₹.90000/-
11) 19/25.11.22, ₹.45000/-
12) 20/16.12.22, ₹.30000/-
13) 23/30.01.23, ₹.30000/-
14) 26/16.02.23, ₹.60000/-
15) 28/16.02.23, ₹.30000/-
16) 32/27.02.23, ₹.30000/-
17) 34/04.03.23, ₹.30000/-
18) 45/31.03.23, ₹.30000/-

2) പ്രോജക്ട് നം : 95/23 ( പഠനമുറി ധനസഹായം)
അടങ്കൽ : 2800000/- (വികസനഫണ്ട്-SCP)
ചെലവ് : 1735000/-
ബിൽ നം : 1) 24/09.02.23, ₹.200000/-
2) 28/16.02.23, ₹.150000/-
3) 30/22.02.23, ₹.150000/-
4) 33/04.03.23, ₹.100000/-
5) 36/16.03.23, ₹.675000/-
6) 42/28.03.23, ₹.415000/-
7) 43/28.03.23, ₹.45000/-

ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 2022-23 വർഷത്തിൽ, 95/23 പ്രോജക്ടിന്റെ ഭാഗമായി 14 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള സഹായം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തിട്ടുള്ളത്. 14 വിദ്യാർത്ഥികൾക്കും തൻവർഷം ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആരും തന്നെ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

2) 95/23 പ്രോജക്ടിന്റെ ഭാഗമായുള്ള, പഠനമുറി ധനസഹായത്തിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം മുദ്രപത്രം വാങ്ങി സൂക്ഷിച്ചുണ്ടെങ്കിലും മുദ്രപത്രത്തിൽ എഗ്രിമെന്റ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തുകയോ, നിർവഹണ ഉദ്യോഗസ്ഥനും ഗുണഭോക്താക്കളും ചേർന്ന് ഒപ്പിടുകയോ ചെയ്തിട്ടില്ല.

3) പ്രവീൺ, S/o.മാധവൻ, മരുതംപാടം, വടവന്നൂർ എന്ന ഗുണഭോക്താവ് പഠനമുറി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വീട് എത്ര Sqm ഉണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4) സ.ഉ(കൈ)നം.115/2022/LSGD, തീയതി.28.05.2022 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക.7.2.13 പ്രകാരം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ഗഡുക്കൾ അനുവദിക്കേണ്ടത്. 36/23 പ്രോജക്ടിന്റെ ഭാഗമായി താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയം ഇല്ലാതെയും പഠനമുറി പൂർത്തീകരിച്ചതിന്റെ രേഖകളായ ഫോട്ടോ, മറ്റു രേഖകൾ ഇല്ലാതെ അവസാന ഗഡു അനുവദിച്ചിട്ടുണ്ട്.

| ക്രമ | ഗുണഭോക്താവിന്റെ പേരും | അനുവദിച്ച |
|---|---|---|

| നം | വിലാസവും | തുക |
|---|---|---|
| 1 | അർച്ചന.കെ, D/o.കുമാരൻ, പിലാപ്പുള്ളി, വടവന്നൂർ | 200000/- |
| 2 | ആകാശ്, S/o.ആറുമുഖൻ, കാളികുളമ്പ്, കൊല്ലങ്കോട് | 200000/- |
| 3 | അക്ഷയ,D/o.കനകരാജ്, ചെമ്മാണാംതോട്, മീങ്കര | 200000/- |
| 4 | കാവ്യ, D/o.സ്വാമിനാഥൻ, കുമളംകാട്, എത്തന്നൂർ | 200000/- |

5) സ.ഉ(കൈ)നം.115/2022/LSGD, തീയതി.28.05.2022 സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക.7.2.13 പ്രകാരം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ഗഡുക്കൾ അനുവദിക്കേണ്ടത്. ഖണ്ഡിക 2.9 പ്രകാരം ആകെ ആനുകൂല്യം രണ്ട് ലക്ഷമോ അതിനു മുകളിലോ ആണെങ്കിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കേണ്ടതാണെന്ന് പരാമർശിക്കുന്നുണ്ട്. എന്നാൽ ഓവർസിയറുടെ വാല്യൂവേഷന്റെ അടിസ്ഥാനത്തിൽ 1)അഭിജിത്ത്.എം, കൊടുവായൂർ 2) പ്രജിത.സി,പെരുവെമ്പ് 3) സുപ്രിയ,തത്തമംഗലം 4) അരുൺജിത്ത്, പട്ടഞ്ചേരി 5) സിജിൻ.എസ്, കൊല്ലങ്കോട് 6) ശ്രുതി.എം, വടവന്നൂർ 7) രാജു.ആർ, പുതുനഗരം 8) രാജി.ആർ, കരിപ്പോട്തറ, പുതുനഗരം എന്നീ ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.11/01.07.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

1) പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

2) ഗുണഭോക്താവും നിർവഹണ ഉദ്യോഗസ്ഥനും ചേർന്ന് കരാർ ഉടമ്പടി സംബന്ധിച്ച വിവരങ്ങൾ മുദ്രപത്രത്തിൽ രേഖപ്പെടുത്തി ഒപ്പിടാതിരുന്നാൽ പിന്നീട് ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് ഗുണഭോക്താവിനുമേൽ തുടർനടപടി സ്വീകരിക്കാൻ സാധിക്കാതെ വരുന്നതാണ്. മുദ്രപത്രത്തിൽ കരാർ ഉടമ്പടി രേഖപ്പെടുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്.

3) പ്രവീൺ, S/o.മാധവൻ, മരുതംപാടം, വടവന്നൂർ എന്ന ഗുണഭോക്താവ് പഠനമുറി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വീട് എത്ര Sqm ഉണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

4) ക്രമ നം.5 പ്രകാരമുള്ള ഗുണഭോക്താവിന്റെ പഠനമുറി നിർമ്മാണം പൂർത്തിയായതിന്റെ രേഖകൾ, അസി.എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

6) അസി.എഞ്ചിനീയറുടെ വാല്യൂവേഷനു പകരം ഓവർസിയർ വാല്യൂവേഷൻ നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-16 സർക്കാർ അനുമതി ഇല്ലാതെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഹോസ്പിറ്റൽ അറ്റൻഡന്റ് എന്നിവരെ നിയമിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0021/22 (നന്ദിയോട് സി.എച്ച്.സി യിലേയ്ക്കുള്ള ദൈനംദിന ചെലവുകളും താത്കാലിക ജീവനക്കാർക്കുള്ള ദിവസവേതനവും) |

| | |
|---|---|
| | |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| അടങ്കൽ | 1500000/- (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| ചെലവ് | 1136935/- |
| ബിൽ നമ്പർ/തീയതി | 1) 6/05.09.2022, തുക. 70000/-<br>2) 10/14.10.2022, തുക. 282657/-<br>3) 11/26.10.2022, തുക.41190/-<br>4) 14/08.11.2022, തുക.127560/-<br>5) 18/15.12.2022, തുക.81380/-<br>6) 20/05.01.2023, തുക. 102230/-<br>7) 22/11.01.2023, തുക.82485/-<br>8) 23/14.02.2023, തുക.100948/-<br>9) 27/10.03.2023, തുക.132527/-<br>10)30/27.03.2023, തുക.115958/- |

നന്ദിയോട് ആശുപത്രിയുടെ ദൈനംദിന ചെലവുകൾക്കും താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് വേതനം നൽകുകയും ചെയ്യുന്നതാണ് പ്രോജക്ട്.

സ.ഉ(കൈ)നം.115/2022/LSGD,തീയതി. 28.05.2022 നമ്പർ പതിനാലാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ഖണ്ഡിക 7.6.2 പ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടെ സേവനം ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനെയും നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡപ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സർക്കാർ അനുമതി ലഭ്യമാകാതെ, മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ നിയമിച്ച് വേതനം തൻവർഷം താഴെപ്പറയും പ്രകാരം നൽകിയിട്ടുണ്ട്.

| മാസം | റഫീന.എൻ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ | റീത്ത.K, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II | ബിൽ നം |
|---|---|---|---|
| 09/22 | 6040 | 5400 | 11/26.10.2022, തുക.41190/- |
| 10/22 | 20385 | 18225 | 14/08.11.2022, തുക.127560/- |
| 11/22 | 19630 | 17550 | 18/15.12.2022, തുക.81380/- |
| 12/22 | 20385 | 16200 | 22/11.01.2023, തുക.82485/- |
| 01/23 | 20385 | 18225 | 23/14.02.2023, തുക.100948/- |
| 02/23 | 18120 | 16200 | 27/10.03.2023, തുക.132527/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/04.07.2023) മറുപടി ലഭിച്ചിട്ടില്ല. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ നിയമിച്ച് വേതനം നൽകിയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 1-17 പാലിയേറ്റീവ് കെയർ- ട്രെയിനിങ്ങ് നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| 1)പ്രോജക്ട് നമ്പർ | S0030/23 (പാലിയേറ്റീവ് കെയർ സെക്കണ്ടറി യൂണിറ്റ്, കൊടുവായൂർ) |
| അടങ്കൽ | 700000/- (വികസനഫണ്ട്-ജനറൽ) |
| ചെലവ് | 675090/- |
| ബിൽ നം | 1) 1/22.07.22, ₹.51120/-<br>2) 3/19.08.22, ₹.357599/-<br>3) 5/27.09.22, ₹.16880/-<br>4) 7/14.11.22, ₹.16560/-<br>5) 8/14.11.22, ₹.16960/-<br>6) 10/07.12.22, ₹.16880/-<br>7) 18/17.02.23, ₹.28780/- |

| | |
|---|---|
| | 8) 20/24.02.23, ₹.117001/-<br>9) 22/16.03.23, ₹.21060/-<br>10) 25/27.03.23, ₹.17250/-<br>11)26/27.03.23, ₹.15000/- |
| 2)പ്രോജക്റ്റ് നമ്പർ | S0038/23 (പാലിയേറ്റീവ് കെയർ സെക്കണ്ടറി യൂണിറ്റ്, കൊടുവായൂർ- SO) |
| അടങ്കൽ | 15000/- (വികസനഫണ്ട്- ജനറൽ) |
| ചെലവ് | 15000/- |
| ബിൽ നം | 12/07.12.22, ₹.15000/- |

സ.ഉ(സാധാ)നം.553/2019/തസ്വഭവ, തിയതി.07.03.2019 പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിലെ ഖണ്ഡിക 2.4.5(1) പ്രകാരം പാലിയേറ്റീവ് പരിചരണത്തിന്റെ ആവശ്യകതയും പ്രവർത്തനങ്ങളും സംബന്ധിച്ച ബോധവൽക്കരണ /പരിശീലന പരിപാടികൾ

നടത്താവുന്നതാണെന്നും ഇങ്ങനെ നടത്തപ്പെടുന്ന പരിശീലനങ്ങൾക്ക് ഒരാൾക്ക് ഒരു ദിവസം 100/- രൂപ നിരക്കിൽ തുക ചെലവഴിക്കാമെന്നും പരിശീലനത്തിൽ 20 മുതൽ 30 വരെ ആളുകളെ പങ്കെടുപ്പിക്കാമെന്നും നിർദ്ദേശിക്കുന്നുണ്ട്.
2022-23 വർഷത്തിൽ രണ്ടു തവണ പാലിയേറ്റീവ് പരിചരണം സംബന്ധിച്ച ട്രെയിനിങ്ങ് നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) 2022-23 വർഷത്തിൽ പാലിയേറ്റീവ് പരിചരണം സംബന്ധിച്ച ട്രെയിനിങ്ങ് 10/03/2023, 11/03/2023, 13/03/2023 എന്നീ തിയ്യതികളിലായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കൊടുവായൂരിൽ വച്ച് 29 ആളുകളെ പങ്കെടുപ്പിച്ച് നടത്തിയിട്ടുണ്ട്. ഇതിന് താഴെപ്പറയും പ്രകാരം തുക ചെലവായിട്ടുണ്ട്.

| ചെലവ് വിവരങ്ങൾ | തുക |
|---|---|
| സ്റ്റേഷനറി സാധനങ്ങൾ (നോട്ട് & പേന)- New Grand Bazar | 1740/- |
| ബാനർ & സർട്ടിഫിക്കറ്റ് - Admix | 2260 |
| ട്രെയ്നർ ഫീ - നദീറ, നഴ്സ് | 1200 |
| ഭക്ഷണം- ഗ്രെയ്സ് ബേക്കറി | 4000+2900+2900= 9800 |
| ആകെ | 15000/- |

29 ആളുകൾക്ക് 3 ദിവസത്തേയ്ക്ക് ചെലവഴിക്കാവുന്ന തുക 29X3X100= 8700/- രൂപയാണ്.

2) 2022-23 വർഷത്തിലെ പാലിയേറ്റീവ് പരിചരണം സംബന്ധിച്ച ട്രെയിനിങ്ങ് 11/11/2022, 12/11/2022, 14/11/2022 എന്നീ തിയ്യതികളിലായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കൊടുവായൂരിൽ വച്ച് 30 ആളുകളെ പങ്കെടുപ്പിച്ച് നടത്തിയിട്ടുണ്ട്. ഇതിന് താഴെപ്പറയും പ്രകാരം തുക ചെലവായിട്ടുണ്ട്.

| ചെലവ് വിവരങ്ങൾ | തുക |
|---|---|
| സ്റ്റേഷനറി സാധനങ്ങൾ (നോട്ട് & പേന)- New Grand Bazar | 1800/- |

| | |
|---|---|
| ബാനർ & സർട്ടിഫിക്കറ്റ് - Admix | 2500 |
| ട്രെയ്നർ ഫീ - നദീറ, നഴ്സ് | 600 |
| ഭക്ഷണം- ഗ്രെയ്സ് ബേക്കറി | 4100+3000+3000= 10100 |
| ആകെ | 15000/- |

30 ആളുകൾക്ക് 3 ദിവസത്തേയ്ക്ക് ചെലവഴിക്കാവുന്ന തുക 30X3X100= 9000/- രൂപയാണ്.

2022-23 വർഷത്തിൽ നടത്തിയ പരിശീലനത്തിനുള്ള 15000/- രൂപ സ്പിൽ ഓവർ പ്രോജക്ടിൽ നിന്നുമാണ് ചെലവഴിച്ചിട്ടുള്ളത്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.20/05.07.2023-ന് മറുപടി ലഭിച്ചിട്ടില്ല.
പാലിയേറ്റീവ് മാർഗ്ഗരേഖയ്ക്ക് വിധേയമായി തുക ചെലവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-18 ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ് നിയമനം- സർക്കാർ ഉത്തരവിന് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചു

| | |
|---|---|
| 1)പ്രോജക്ട് നമ്പർ | S0023/22 (കൊടുവായൂർ സി.എച്ച്.സി യിലേയ്ക്കുള്ള ദൈനംദിന ചെലവുകളും താത്കാലിക ജീവനക്കാർക്കുള്ള ദിവസവേതനവും) |
| അടങ്കൽ | 1500000/- (മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) |
| ചെലവ് | 824425/- |
| 2)പ്രോജക്ട് നമ്പർ | S0021/22 (നന്ദിയോട് സി.എച്ച്.സി യിലേയ്ക്കുള്ള ദൈനംദിന ചെലവുകളും താത്കാലിക ജീവനക്കാർക്കുള്ള ദിവസവേതനവും) |
| അടങ്കൽ | 1500000/- (മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം) |
| ചെലവ് | 1136935/- |

ആശുപത്രിയുടെ ദൈനംദിന ചെലവുകൾക്കും താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ഡോക്ടർ, നഴ്സ്, ഫാർമസിസ്റ്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്ക് വേതനം നൽകുകയും ചെയ്യുന്നതാണ് പദ്ധതി.

പതിനാലാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ ഖണ്ഡിക 7.6.2(II) പ്രകാരവും തദ്ദേശസ്വയംഭരണ വകുപ്പിന്റെ 17.01.2019-ലെ നം.442/ഡിബി.2/18/തസ്വഭവ ഉത്തരവ് പ്രകാരവും, പ്രത്യേക സാഹചര്യത്തിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവർക്ക് തനത്/വികസന ഫണ്ടിൽ നിന്നും വേതനം നൽകാവുന്നതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ദൈനംദിന ചെലവുകൾക്കാണ് മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് ഉപയോഗിക്കേണ്ടത്.

എന്നാൽ താത്കാലിക അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് വേതനം മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ് മുഖേന നൽകിയിട്ടുണ്ട്.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.19/05.07.2023- ന് മറുപടി ലഭിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് തുക ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-19 സംയുക്ത പ്രോജക്ടുകൾക്ക് തുക നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്തും വിവിധ ഗ്രാമപഞ്ചായത്തുകളും, ജില്ലാ പഞ്ചായത്തും സംയുക്തമായി നടപ്പിലാക്കുന്ന താഴെ പറയുന്ന പ്രോജക്ടുകൾക്ക് സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം. | ബിൽ നം. | തുക | അക്കൗണ്ട് നം |
|---|---|---|---|---|
| 1 | 151/23 വയോജന പാർക്കിന് വിഹിതം നൽകൽ - പാലക്കാട് ജില്ലാ പഞ്ചായത്ത് | 47/22.03.2023 | 300000/- രൂപ | 799011400002200 (ജില്ലാ ട്രഷറി പാലക്കാട്) |
| 2 | 92/23 വൃദ്ധർക്ക് കട്ടിൽ വിതരണം -പട്ടഞ്ചേരി ഗ്രാമപഞ്ചായത്ത് | 383/ 22.03.2023 | 200000/- രൂപ | ലഭ്യമല്ല (റിക്വിസിഷൻ നം. 201071000122013З /15.03.23 |
| | | 353/15.03.2023 | 142000/- രൂപ | ലഭ്യമല്ല (റിക്വിസിഷൻ നം. 2010710001220133 /15.03.23 |
| 3 | 119/23 തൊട്ടിയത്തറ ഗ്യാസ് ക്രിമിറ്റോറിയം - മുതലമട ഗ്രാമപഞ്ചായത്ത് | 22200613/21.02.23 | | 33719005646 (എസ്.ബി.ഐ മുതലമട) |

